നവകേരളം



ശ്രീ. പി. രാജീവ്
വ്യവസായം, വാണിജ്യം, നിയമം, കയർ വകുപ്പ് മന്ത്രി

# ദേശീയാംഗീകാരത്തിന്റെ മികവിൽ വീണ്ടും കേരളം

കേന്ദ്രസർക്കാർ പുറത്തിറക്കിയ ഗുഡ് ഗവേണൻസ് ഇൻഡക്സ്, കേരളത്തിന്റെ മികവാണ് വെളിപ്പെടുത്തുന്നത്. വ്യവസായവും വാണിജ്യവും, കൃഷിയും അനുബന്ധ മേഖലകളും, മാനവശേഷി വികസനം, പൊതുജനാരോഗ്യം, അടിസ്ഥാനസൗകര്യങ്ങൾ, സാമൂഹ്യക്ഷേമവും വികസനവും, എന്നിങ്ങനെ 10 മേഖലകളിലായി 58 സൂചകങ്ങളെ അടിസ്ഥാന മാക്കി നടത്തിയ പഠനത്തിലാണ് കേരളം മികവ് തെളിയിച്ചത്.

ഇതിനുമുൻപ് 2019 ൽ പ്രസിദ്ധീകരിച്ച പട്ടികയിൽ 4.98 മാർക്ക് ലഭിച്ച കേരളത്തിന് ഇപ്രാവശ്യം 5.22 മാർക്കാണ് ലഭിച്ചത്. വ്യവസായ വാണിജ്യ മേഖലയിലെ കേരളത്തിന്റെ പ്രകടനം മികവുറ്റതാണെന്ന് വീണ്ടുമൊരിക്കൽ കൂടി ദേശീയ തലത്തിൽ വിലയിരുത്തപ്പെടുന്നത് വലിയൊരു അംഗീകാരമാണ്.

രണ്ടുവർഷം കൊണ്ട് വ്യവസായവും വാണിജ്യവും മേഖലയിൽ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' സൂചികയിൽ സംസ്ഥാനം 44.82 എന്ന സ്കോറിൽ നിന്നും 85.00 എന്ന സ്കോറിലേക്കെത്തി. ഇത് സമ്മിശ്ര റാങ്കിങ്ങിൽ നേട്ടം ഉണ്ടാക്കാൻ സഹായകമായി. വ്യവസായ വളർച്ചയുടെ സൂചകമായ ഇഅഏഞ, 1.00 യിൽനിന്നും 7.91 ആയതും നേട്ടമാണ്.

പട്ടിക തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ 10 മേഖലകളിൽ പ്രധാനപ്പെട്ട ഒരു മേഖലയാണ് വ്യവസായവും വാണിജ്യവും. ഗ്രൂപ്പ് എ, ബി എന്നിവയിൽ വരുന്ന 18 സംസ്ഥാനങ്ങളിൽ ആകെ 3 സംസ്ഥാനങ്ങൾ മാത്രമേ വ്യവസായവും വാണിജ്യവും മേഖലയിൽ 2019 ൽ നിന്നും സ്ഥിതി മെച്ചപ്പെടുത്തിയതായി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. അതിലൊന്ന് കേരളമാണ്. നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളം നിരന്തരം മികവിലേക്ക് മുന്നേറുകയാണ് എന്നതിന്റെ ഉദാഹരണമാണ് ഈ റിപ്പോർട്ട്.

പുതുക്കിയ കെ - സ്വിഫ്റ്റ് പോർട്ടൽ നിലവിൽ വന്നിരിക്കുകയാണ്. സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾ എന്ന വിഭാഗത്തിന്റെ നിർവ്വചനപ്രകാരമുള്ള നിക്ഷേപ പരിധി 10 കോടിയിൽ നിന്നും 50 കോടി ആയി ഉയർത്തിയതിനെ തുടർന്നാണ് പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയത്. നേരത്തെ 10 കോടിയിൽ താഴെ മുതൽ മുടക്കു വരുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പു വിഭാഗത്തിൽ പെടാത്തതുമായ സംരംഭങ്ങൾക്കാണ് കെ-സ്വിഫ്റ്റ് വഴി അംഗീകാര പത്രം നൽകിയിരുന്നത്. ഏകദേശം 15,600 ൽ കൂടുതൽ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങൾ പോർട്ടൽ വഴി അംഗീകാര പത്രം നേടിയിട്ടുണ്ട്. 3000 കോടിയിലധികം നിക്ഷേപവും കേരളത്തിൽ ഇതുവഴി ലഭിച്ചു. പുതിയ കെ-സ്വിഫ്റ്റ് പോർട്ടൽ സംരംഭകർക്ക് ഏറെ പ്രയോജന പ്പെടുന്ന ഒന്നായി മാറും എന്നതിൽ തർക്കമില്ല.